ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി പ്രകാരം 4-ാം ക്ലാസ്സിലും 7-ാം ക്ലാസ്സിലും പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളിൽ ഒരു മത്സര പരീക്ഷയിലൂടെ മിടുക്കരായ 1100 കുട്ടികളെ തെരഞ്ഞെടുക്കുകയും ഇവർക്ക് പ്രതിമാസം 150 രൂപ നിരക്കിൽ മൂന്നുമാസത്തെ സ്റ്റൈപ്പന്റ് നൽകുകവഴി 4.95 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം ഈ പദ്ധതിക്കായി 70 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ വിദ്യാഭ്യാസം നൽകുന്ന സ്ഥാപനങ്ങളെ തെരഞ്ഞെടുത്തതിലെ ക്രമക്കേടുകൾ

133 [3280] ശ്രീ. കെ. വി. കുഞ്ഞിരാമൻ:
,, പിരപ്പൻകോട് മുരളി:
,, വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ വിദ്യാഭ്യാസം നൽകുവാൻ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തതിൽ ക്രമക്കേടുകളുണ്ടായിട്ടുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് പ്രസ്തുത കമ്പ്യൂട്ടർ പരിശീലനത്തിനുവേണ്ടി 2001-02, 2002-03 വർഷങ്ങളിൽ തെരഞ്ഞെടുത്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഓരോ സ്ഥാപനത്തിനും എന്തു തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് പറയാമോ;

(ഇ) പ്രസ്തുത പരിശീലനത്തെ സംബന്ധിച്ച പരാതികളിൻമേൽ ഗൗരവമായ അന്വേഷണം നടത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി—ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) വകുപ്പുസെക്രട്ടറി തലത്തിൽ ഇത് അന്വേഷിക്കുന്നുണ്ട്.

കുഴൽമന്ദം മണ്ഡലത്തിൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററും പോസ്റ്റ് മെട്രിക് ഹോസ്റ്റലും ആരംഭിക്കാൻ അനുമതി

134 [3281] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽമന്ദം മണ്ഡലത്തിൽ പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്ന പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ, പോസ്റ്റ് മെട്രിക് ഹോസ്റ്റൽ (വനിതകൾക്ക്) എന്നിവയ്ക്ക് സർക്കാർ അനുവാദം നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾ ഇതുസംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഇവ തുടങ്ങാൻ എന്നത്തേക്ക് അനുവാദം നൽകാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—സി) പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ തുടങ്ങാൻ സർക്കാർ തലത്തിൽ തീരുമാനമായിട്ടുണ്ട്. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല.

ഏലത്തൂർ ഐ.റ്റി.സി.യുടെ പ്രവർത്തനം.

135 [3282] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഏലത്തൂരിൽ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ഐ.റ്റി.സി.യിൽ ഏതെല്ലാം ട്രേഡുകളിൽ ഇപ്പോൾ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിവരുന്നുണ്ട്;

(ബി) ഓരോ ട്രേഡിലും പ്രവേശിപ്പിക്കപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം എത്ര യാണ് എന്ന് വെളിപ്പെടുത്താമോ;

(സി) ഈ ഐ.റ്റി.സി.യിൽ കഴിഞ്ഞ വർഷം പുതിയ പഠനോപകരണങ്ങൾ വാങ്ങുകയുണ്ടായോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം പഠനോപകരണങ്ങളാണ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ദ്വിവത്സര മെട്രിക് ട്രേഡായ മെക്കാനിക്-മോട്ടോർവെഹിക്കിൾ, ഏകവത്സര മെട്രിക് ട്രേഡായ കാർപ്പന്റർ എന്നിവയിൽ പ്രവേശനം നൽകിവരുന്നു.

(ബി) മെക്കാനിക്-മോട്ടോർവെഹിക്കിൾ—ഒന്നാം വർഷം: 16 വിദ്യാർത്ഥികൾ
രണ്ടാം വർഷം: 16 വിദ്യാർത്ഥികൾ
കാർപ്പെന്റർ—16 വിദ്യാർത്ഥികൾ

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

അച്ചടിവകുപ്പ് ജീവനക്കാർക്കുള്ള ഓവർടൈം അലവൻസ്

136 [3283] ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി:
,, സി. മമ്മൂട്ടി:
,, പി. കെ. അബ്ദുറബ്ബ്:
,, ടി. പി. എം. സാഹിർ:
,, ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly